"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - 2023-24 സാമ്പത്തിക വർഷത്തിൽ "2515-00-102-25(P)" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപയുടെ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ)വകുപ്പ്**

സ.ഉ.(സാധാ) നം.1847/2023/LSGD തീയതി,തിരുവനന്തപുരം, 19-09-2023

---

പരാമർശം:-

1. സ.ഉ.(കൈ)നം.145/2021/തസ്വഭവ തീയതി 16/07/2021
2. സ.ഉ.(കൈ)നം.1857/2021/തസ്വഭവ തീയതി 25/09/2021
3. സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി 19/04/2022
4. സ.ഉ.(കൈ)നം.86/2022/തസ്വഭവ തീയതി 19/04/2022
5. സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28/05/2022
6. സ.ഉ.(കൈ)നം.146/2022/തസ്വഭവ തീയതി 08/07/2022
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17/05/2023-ലെ LSGD/2679/2023-SA4 നമ്പർ കത്ത്.
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07/07/2023-ലെ 00184/EPIP/2022/CRD നമ്പർ കത്ത്.
9. 09/08/2023 തീയതിയിൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്.

**ഉത്തരവ്**

സംസ്ഥാനത്ത് അതിദാരിദ്ര്യം അഞ്ചു വർഷത്തിനകം നിർമാർജനം ചെയ്യുന്നത് ലക്ഷ്യമാക്കി അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് പരാമർശം 1-5 വരെ ഉത്തരവുകൾ പ്രകാരം സംസ്ഥാനവ്യാപകമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ നടത്തിയ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തീകരിക്കുകയും അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും/വ്യക്തികളെയും അതിദാരിദ്ര്യാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള സൂക്ഷ്മതല പദ്ധതിയായ മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം -6 പ്രകാരം സർക്കാർ അംഗീകരിക്കുകയുമുണ്ടായി .

2. 2025 നവംബർ -1 ന് കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുകയാണ് അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

3. മൈക്രോപ്ലാനുകളുടെ നിർവ്വഹണത്തിനുള്ള ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്. ഈ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണത്തിനായി സർക്കാരിന്റെ പ്രത്യേക സഹായധനമായി 50 കോടി രൂപ 2023-24

സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "2515-00-102-25(P) " എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം-7, 8 കത്തുകൾ പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. അതിദാരിദ്യ നിർമ്മാർജ്ജന പദ്ധതിയ്ക്കായി 2023-24 ബഡ്ജറ്റിലെ "2515-00-102-25(P) " എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതിനുള്ള ശുപാർശ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി :

i. അതിദരിദ്രരുടെ ചികിത്സ സംബന്ധിച്ച് ഉയർന്ന ചികിത്സാ ചെലവ് ആവശ്യമായി വരുന്ന കേസുകളിൽ ജില്ലാ മെഡിക്കൽ ബോർഡിന്റെ ശുപാർശയോടെ പ്രത്യേക ചികിത്സ നൽകാവുന്നതാണ് . ഇതിനായി 10 കോടി രൂപ മാറ്റി വക്കേണ്ടതാണ്.

ii. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ ഗണ്യമായ പുരോഗതി നേടി അതിദാരിദ്ര്യരഹിതപ്രഖ്യാപ ലക്ഷ്യം അതിവേഗം കൈവരിക്കുന്നതിനുള്ള പുനരധിവാസപ്രവർത്തനങ്ങൾ നടത്തുന്നതും തനതു വരുമാനം കുറവായതുമായ 50-ൽ താഴെ അതി ദരിദ്രരുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 10 ലക്ഷം രൂപ വീതവും 50 പേർക്ക് മുകളിൽ അതിദരിദ്രരുള്ള ഗണ്യമായ പുരോഗതി കൈവരിച്ച തനതു വരുമാനം കുറവായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 20 ലക്ഷം വീതവും നൽകാവുന്നതാണ്.

iii. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്കാണ് പദ്ധതി നിർവ്വഹണച്ചുമതല. ടി ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന, ജില്ലാതല നോഡൽ ഓഫീസുകളും മുഖേന നിർവ്വഹിക്കേണ്ടതാണ്.

5. പ്രിൻസിപ്പൽ ഡയറക്ടറുടെ ശുപാർശ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി നല്കിയതിൽ പരാമർശം-9 പ്രകാരം പ്രസ്തുത ശുപാർശക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നല്കിയിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു അതിദാരിദ്യ നിർമ്മാർജ്ജന പദ്ധതിയ്ക്കായി 2023-24 ബഡ്ജറ്റിൽ "2515-00-102-25(P) " എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപക്ക് (രൂപ അൻപത് കോടി മാത്രം) മേൽ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ധനകാര്യ (വനിത-ശിശു) വികസന വകുപ്പ് (Dev-3/133/2023/ധന)

ധന (പ്ലാനിംഗ്-B) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഐ.എ.1/229/2023-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 19-09-2023 12:09:46

സെക്ഷൻ ഓഫീസർ